ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 29.12.2024

## പ്രധാനവാർത്തകൾ

1. ഭാരതത്തിന്റെ സർഗ്ഗാത്മക കഴിവുകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള വലിയ അവസരമാണ് വേവ്സ് ഉച്ചകോടിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രാദേശിക കായിക പ്രതിഭകൾക്ക് വളരാനുള്ള അവസരം നൽകണമെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി.

2. ഗവർണർ ആരിഫ് മുഹമ്മദ് ഖാന് യാത്രയയപ്പ് നൽകി കേരള രാജ്ഭവൻ, നിയുക്ത ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകരുടെ സത്യപ്രതിജ്ഞ വ്യാഴാഴ്ച.

3. സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയുള്ള ക്യാമറാ നിരീക്ഷണം ശക്തമാക്കും. വലിച്ചെറിയൽ വിരുദ്ധ വാരാചരണം പുതുവത്സരത്തിൽ.

4. മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് തുറക്കും, 92-ാമത് ശിവഗിരി തീർത്ഥാടനത്തിനും നാളെ തുടക്കം.

5. സന്തോഷ് ട്രോഫി ഫുട്ബോളിൽ സർവിസസിനെ തകർത്ത് ബംഗാൾ ഫൈനലിൽ, രണ്ടാം സെമിയിൽ കേരളം മണിപ്പൂരിനെ നേരിടും.

6. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ജംഷഡ്പൂർ എഫ് സി പോരാട്ടം.

**************************************

## മൻ കി ബാത്ത്

രാജ്യത്തിൻറെ വഴികാട്ടിയാണ് ഭരണഘടനയെന്നും, ജനുവരി 26ന് ഇന്ത്യൻ ഭരണഘടന 75 വർഷം തികയുന്നത് അഭിമാനകരമായ കാര്യമാണെന്നും പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭാരതത്തിന്റെ സർഗ്ഗാത്മക കഴിവുകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള വലിയ അവസരമാണ് അടുത്ത വർഷം സംഘടിപ്പിക്കുന്ന ലോക ശ്രവ്യ-ദൃശ്യ-വിനോദ ഉച്ചകോടി. ആഗോള ഉള്ളടക്ക നിർമ്മാണത്തിന്റെ കേന്ദ്രമാക്കി ഭാരതത്തെ മാറ്റുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാകും വേവ്സ് ഉച്ചകോടിയെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്ത് കൃത്യസമയത്ത് ക്യാൻസർ ചികിത്സ ആരംഭിക്കാനുള്ള സാധ്യത വർദ്ധിച്ചുവെന്നും, മലേറിയ കേസുകളുടെ എണ്ണത്തിലും, തുടർന്നുള്ള മരണത്തിലും ഗണ്യമായ കുറവുണ്ടായെന്നും ശ്രീ. മോദി ചൂണ്ടിക്കാട്ടി. ആയുഷ്മാൻ ഭാരത് പദ്ധതി ക്യാൻസർ ചികിത്സയിലെ സാമ്പത്തിക ബാധ്യതകൾ കുറച്ചു. തങ്ങളുടെ പ്രദേശങ്ങളിലെ കർഷക ഉത്പാദക സംഘടനകളെ പ്രോത്സാഹിപ്പിക്കണമെന്ന്, ഒഡീഷയിലെ കാലാഹാണ്ടിയിലെ ഒരു സംഘടനയുടെ വിജയകഥ പങ്കുവച്ചുകൊണ്ട് അദ്ദേഹം ആവശ്യപ്പെട്ടു. പ്രാദേശിക കായിക പ്രതിഭകൾക്ക് വളരാനുള്ള അവസരം നൽകണമെന്നും പ്രധാനമന്ത്രി ഓർമപ്പെടുത്തി.

(ഹോൾഡ് വോയിസ്- പി എം)

RNU TVPM

**************************************

## ഗവർണർ

ബിഹാറിലേക്ക് നിയോഗിക്കപ്പെട്ട ശ്രീ ആരിഫ് മുഹമ്മദ് ഖാൻ കേരള ഗവർണർ സ്ഥാനത്തുനിന്ന് പടിയിറങ്ങി. രാജ്ഭവനിൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ മറ്റ്

ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ ചേർന്ന് അദ്ദേഹത്തിന് യാത്രയയപ്പ് നൽകി. കേരളവുമായുള്ള ബന്ധം ഇനിയും തുടരുമെന്ന് ശ്രീ ആരിഫ് മുഹമ്മദ് ഖാൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു. നിയുക്ത കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ പുതുവത്സര ദിനത്തിൽ കേരളത്തിലെത്തും. ജനുവരി രണ്ടിന് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും.

**************************************

മാലിന്യം വലിച്ചെറിയൽ- എം. ബി. രാജേഷ്

സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയുള്ള ക്യാമറാ നിരീക്ഷണം ശക്തമാക്കും. ജനുവരി ഒന്നു മുതൽ ആരംഭിക്കുന്ന 'വലിച്ചെറിയൽ വിരുദ്ധ' വാരാചരണത്തിന്റെ ഭാഗമായാണ് നടപടി. നിയമലംഘകർക്കെതിരെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ടീം വഴിയുള്ള നിയമ നടപടികൾ കൂടുതൽ ശക്തമാക്കാൻ മന്ത്രി എം. ബി. രാജേഷ് നിർദ്ദേശം നൽകി. ക്യാമറാ നിരീക്ഷണത്തിന് പുറമേ കൂടുതൽ മാലിന്യം തള്ളുന്ന പൊതുസ്ഥലങ്ങൾ കണ്ടെത്തി മാപ് ചെയ്യുന്നതും പരിപാടിയുടെ ഭാഗമാണ്.

RNU TVPM

**************************************

കെ രാജൻ- വയനാട്

വയനാട്ടിൽ പുനരധിവാസം വൈകുമെന്ന ഭീതി വേണ്ടെന്ന് മന്ത്രി കെ.രാജൻ. തൃശൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലതാമസം ഒഴിവാക്കാനാണ് ഡിസാസ്റ്റർ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോയത്. പുനരധിവാസവുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന പ്രശ്നങ്ങളെ തള്ളിക്കളയുന്നില്ല. അവ സംബന്ധിച്ച്

നിയമവിദഗ്ധരുമായി കൂടിയാലോചിക്കുമെന്നും മന്ത്രി പറഞ്ഞു. ഭൂമിയും വീടും വാഗ്ദാനം ചെയ്തവരുമായി മുഖ്യമന്ത്രി പിണറായി വിജയൻ ജനുവരി തുടക്കത്തിൽ തന്നെ കൂടിക്കാഴ്ച നടത്തുമെന്നും മന്ത്രി അറിയിച്ചു.

(ഹോൾഡ് വോയിസ്- മന്ത്രി)

**************************************

കാനാമ്പുഴ

കണ്ണൂർ നഗരത്തോട് ചേർന്നൊഴുകുന്ന കാനാമ്പുഴ പുനരുജ്ജീവനത്തിന്റെ ഒന്നാം ഘട്ടം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ ആദ്യ നദീ പുനരുജ്ജീവന പദ്ധതിയാണിത്. മുണ്ടേരി അയ്യപ്പൻ മലയിൽ നിന്ന് ആരംഭിച്ച് ഒമ്പത് കിലോമീറ്ററിലധികം ഒഴുകി അറബി ക്കടലിൽ പതിക്കുന്നതാണ് കാനാമ്പുഴ. ജനകീയ കൂട്ടായ്മയിലൂടെയാണ് നദിയെ പുനരുജ്ജീവിപ്പിച്ചത്.

RNU TVPM

**************************************

എം ടി അനുസ്മരണം

എം.ടി വാസുദേവൻ നായർക്ക് ആദരമർപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം ചൊവ്വാഴ്ച്ച നടക്കും. തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും. സാഹിത്യരംഗത്തെ പ്രമുഖർ എം.ടിയെ അനുസ്മരിക്കും.

**************************************

## ശിവഗിരി - തീർത്ഥാടനം

92-ാമത് ശിവഗിരി തീർത്ഥാടനത്തിന് നാളെ തുടക്കമാകും. മന്ത്രി എം ബി രാജേഷ് തീർത്ഥാടനം ഉദ്ഘാടനം ചെയ്യും. നാളെ നടക്കുന്ന വിദ്യാഭ്യാസ സമ്മേളനം മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. മന്ത്രി ജി. ആർ. അനിൽ അധ്യക്ഷത വഹിക്കും. ഉച്ചക്ക് ശേഷം നടക്കുന്ന ശാസ്ത്ര സാങ്കേതിക സമ്മേളനത്തിന്റെ ഉദ്ഘാടനം, മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കും. ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് മറ്റന്നാൾ ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി പ്രഖ്യാപിച്ചു.

**************************************

## ശിവഗിരി പ്രത്യേക ട്രെയിൻ

PRD TVPM

ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് എറണാകുളത്ത് നിന്ന് റെയിൽവേ സ്പെഷ്യൽ ട്രെയിൻ സർവീസ് നടത്തും. നാളെ മുതൽ ജനുവരി ഒന്നു വരെയാണ് പ്രത്യേക മെമു ട്രെയിൻ സർവീസ്. 12 ജനറൽ കോച്ചുകളുള്ള മെമു, രാവിലെ ഒമ്പത് പത്തിന് എറണാകുളം സൗത്തിൽ നിന്നും യാത്ര ആരംഭിച്ച് ഉച്ചയ്ക്ക് 12.11ന് ശിവഗിരിയിലും, 12.45ന് തിരുവനന്തപുരം നോർത്തിലും എത്തും. 12.55ന് തിരുവനന്തപുരം നോർത്തിൽ നിന്ന് എറണാകുളത്തേക്ക് തിരിക്കും.

**************************************

## ശബരിമല

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് തുറക്കും. തിരുവാഭരണ ഘോഷയാത്ര

ജനുവരി 12 ന് പന്തളത്തു നിന്ന് പുറപ്പെടും. പമ്പയിൽ സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ 10 ആയി ഉയർത്തും. 60 വയസ് പൂർത്തിയായവർക്ക് മാത്രമായി പ്രത്യേകം കൗണ്ടർ ക്രമീകരിക്കും. ജനുവരി 14 നാണ് മകരവിളക്ക്.

************************************

ഇടുക്കി - ഇൻട്രോ

ക്രിസ്തുമസ് അവധിക്കാലത്ത് ഇടുക്കിയിലേക്ക് സഞ്ചാരികളുടെ ഒഴുക്ക്. ഒരാഴ്ചക്കിടെയെത്തിയത് രണ്ട് ലക്ഷത്തിലധികം പേരാണ്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

**(വോയ്സ്)**

RNU TVPM

************************************

കാട്ടാന ആക്രമണം

ഇടുക്കി മുള്ളരിങ്ങാട് അമേൽതൊട്ടിയിൽ കാട്ടാനയുടെ ആക്രമണത്തിൽ യുവാവ് മരിച്ചു. മുള്ളരിങ്ങാട് സ്വദേശി അമർ ഇലാഹി ആണ് മരിച്ചത്. തേക്കിൻ കൂപ്പിൽ പശുവിനെ അഴിക്കാനായി പോയപ്പോഴാണ് കാട്ടാനയുടെ ആക്രമണമുണ്ടായത്. കൂടെയുണ്ടായിരുന്ന ബ്ലാങ്കരയിൽ മൻസൂർ ഓടി രക്ഷപ്പെട്ടു.

************************************

കാസർഗോഡ് അപകടം

കാഞ്ഞങ്ങാട് ഐങ്ങോത്ത് ദേശീയപാതയിലുണ്ടായ വാഹനാപകടത്തിൽ സഹോദരങ്ങൾക്ക് ദാരുണാന്ത്യം. സ്വകാര്യ കാറും കെഎസ്ആർടിസി ബസ്സുമാണ്

കൂട്ടിയിടിച്ചത്. നീലേശ്വരം കണിച്ചിറ സ്വദേശി ലത്തീഫിൻറെ കുടുംബമാണ് അപകടത്തിൽപ്പെട്ടത്. മക്കളായ ലഹക്ക് സൈനബ, സൈനുൾ റുമാൻ എന്നിവരാണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ മറ്റുള്ളവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

**************************************

## ലിറ്റിൽ കൈറ്റ്സ്

ലിറ്റിൽ കൈറ്റ്സ് തിരുവനന്തപുരം ജില്ലാ ക്യാമ്പ് സമാപിച്ചു. അനിമേഷൻ, പ്രോഗ്രാമിങ് വിഭാഗങ്ങളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 110 വിദ്യാർഥികൾ വെങ്ങാനൂരിൽ നടന്ന ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ച വച്ച പത്ത് പേർ സംസ്ഥാന ക്യാമ്പിൽ പങ്കെടുക്കും.

**************************************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിൽ നിലവിലെ ചാമ്പ്യന്മാരായ സർവിസസിനെ തകർത്ത് ബംഗാൾ ഫൈനലിൽ കടന്നു. ഗച്ചിബൗളിയിലെ ജി.എം.സി ബാലയോഗി സ്റ്റേഡിയത്തിൽ നടന്ന ഒന്നാം സെമി ഫൈനലിൽ ഇരട്ടഗോൾ നേടിയ റോബി ഹൻസ്ദായുടെ മികവിൽ 4-2നാണ് സർവിസസിനെ വീഴ്ത്തിയത്. ബംഗാളിനായി മനോതോസ് മാജി, നരോഹരി ശ്രേഷ്ഠ എന്നിവരും ഗോൾ നേടി. രാത്രി 7.30 ന് നടക്കുന്ന രണ്ടാം സെമിയിൽ കേരളം മണിപ്പൂരിനെയും നേരിടും.

**************************************

RNU TVPM

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ജംഷഡ്പൂർ എഫ് സിയുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ജംഷഡ്പൂരിലാണ് മത്സരം. കഴിഞ്ഞ മത്സരത്തിൽ ബ്ലാസ്റ്റേഴ്സ് - മുഹമ്മദൻ എസ് സിയെ പരാജയപ്പെടുത്തിയിരുന്നു.

**************************************

## ക്രിക്കറ്റ്

ബോർഡർ-ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ നാലാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യക്കെതിരെ ഓസ്ട്രേലിയയ്ക്ക് 333 റൺ ലീഡ്.

*********************************************************

**************************************

***********************

RNU TVPM